# കമ്പനി ഡയറക്ടർ പ്രധാന തൊഴിലുടമയല്ല

## മദ്രാസ് ഹൈക്കോടതി

C.M.A. No. 1221/2020 Dt. 13.10.2020

ഒ.എം. ഷാഹുൽ ഹമീദ്
x
എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ്
കോർപ്പറേഷൻ

ഡീലക്സ് പ്ലാസ്റ്റിക് പ്രോഡക്ട്സ് എന്ന കൂട്ടേർപ്പാട് സ്ഥാപനത്തിന്റെ ഒരു പങ്കാളിയായിരുന്നു ഷാഹുൽ ഹമീദ്. പ്രസ്തുത സ്ഥാപനത്തിന് ഇ.എസ്.ഐ. നിയമം ബാധകമായിരുന്നു. സ്ഥാപനം ഇ.എസ്.ഐ. വിഹിതം കൃത്യമായി അടച്ചു വന്നിരുന്നു. അപ്രകാരമിരിക്കെ 1989-ൽ ആ സ്ഥാപനം പ്രവർത്തനം നിർത്തുകയും അത് ഓയെം പ്ലാസ്റ്റിക് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി വാടകക്കെടുത്ത് പ്രവർത്തനം തുടരുകയും ചെയ്തു. ആ കമ്പനിയിൽ ഷാഹുൽ ഹമീദ് ഡയറക്ടർമാരിൽ ഒരാളായിരുന്നു. 1994 വരെ പ്രവർത്തിച്ച കമ്പനി ആ വർഷം പ്രവർത്തനം നിർത്തി. തുടർന്ന് കെട്ടിടത്തിന്റെ ഉടമസ്ഥരായ ഡീലക്സ് പ്ലാസ്റ്റിക് പ്രോഡക്ട്സ് എന്ന കൂട്ടേർപ്പാട് സ്ഥാപനം 1996-ൽ ആ കെട്ടിടം പ്രിസിഷൻ പേക്കജിങ് എന്ന സ്ഥാപനത്തിന് വിറ്റു. അങ്ങനെയിരിക്കെ 1993 മുതൽ 2003 വരെയുള്ള കാലയളവിലെ ഇ.എസ്.ഐ. വിഹിതത്തിന്റെ കുടിശികയായ നാല് ലക്ഷത്തോളം രൂപ അടയ്ക്കണമെന്ന് നിർദ്ദേശിച്ച് 2006-ൽ ഇ.എസ്.ഐ. കോർപ്പറേഷൻ ഷാഹുൽ ഹമീദ് എന്നയാൾക്ക് നോട്ടീസയച്ചു. സത്യാവസ്ഥ വിശദീകരിച്ചുകൊണ്ടും 1996-ൽ പ്രവർത്തനം നിർത്തിയ കമ്പനിയിലെ ഒരു ഡയറക്ടർ മാത്രമായിരുന്നു താനെന്നും താൻ പ്രധാന തൊഴിലുടമയല്ലായിരുന്നുവെന്നും അറിയിച്ചും അയാൾ മറുപടി അയച്ചുകൊടുത്തു. അയാളുടെ മറുപടി തീർത്തും അവഗണിച്ച കോർപ്പറേഷൻ അയാളുടെ വസ്തുവഹകൾ വിറ്റ് കുടിശിക വസൂലാക്കാൻ ഉത്തരവിട്ടു. ഇതിനെതിരെ അയാൾ എംപ്ലോയീസ് ഇൻഷുറൻസ് കോടതിയിൽ പരാതി നല്കി. പരാതിക്കാരന്റെ ഭാഗത്തു നിന്ന് ഹാജരാക്കിയ രേഖകളും മറ്റു തെളിവുകളും കണക്കിലെടുക്കാതെയും ഇ.എസ്.ഐ. കോർപ്പറേഷൻ ഹാജരാക്കിയ രേഖകൾ മാത്രം പരിഗണിച്ചും പരാതി തള്ളിക്കളഞ്ഞു. ഇതിനെതിരെ അയാൾ ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. കമ്പനിയിലെ ഡയറക്ടർ പ്രധാന തൊഴിലുടമയാണെന്നും പരാതിക്കാരന്റെ വസ്തുവഹകൾ വിറ്റ് കുടിശിക ഈടാക്കുന്നതിൽ തെറ്റില്ലെന്നും ഇ.എസ്.ഐ. കോർപ്പറേഷൻ വാദിച്ചു. 1989 മുതൽ 1996 വരെയാണ് ഓയെം പ്ലാസ്റ്റിക്സ് എന്ന കമ്പനി പ്രവർത്തിച്ചതെന്നും പരാതിക്കാരൻ ഡയറക്ടർ മാത്രമായിരുന്നുവെന്നും രേഖകളിൽ നിന്ന് വ്യക്തമായിരിക്കെ 1993 മുതൽ 2003 വരെയുള്ള കാലയളവിലെ കുടിശിക പരാതിക്കാരനിൽ നിന്ന് ഈടാക്കാൻ ഇ.എസ്.ഐ. കോർപ്പറേഷൻ ഉത്തരവിട്ടത് പ്രഥമദൃഷ്ട്യാ തെറ്റാണെന്ന് ഹൈക്കോടതി ചൂണ്ടിക്കാട്ടി. കമ്പനിയുടെ ഡയറക്ടർ പ്രധാന തൊഴിലുടമയല്ലെന്നും കമ്പനിയാണ് പ്രധാന തൊഴിലുടമയെന്നും നിരീക്ഷിച്ച ഹൈക്കോടതി പരാതിക്കാരന്റെ അപ്പീൽ അനുവദിക്കുകയും ഇ.എസ്.ഐ. അധികൃതരുടെ ഉത്തരവ് റദ്ദാക്കുകയും ചെയ്തു.